നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) ദേവികുളം ഉപതിരഞ്ഞെടുപ്പിനു് ഗവണ്മെൻറിനു് ആകെ 1,41,520 രൂപാ 53 നയാപൈസാ ചെലവായി. അതിൽ 90,969 രൂപ 49 നയാപൈസാ ഇലക്ഷൻ ബഡ്ജറ്റിൽനിന്നും പോലീസു് ബന്തവസ്സു മുതലായവയ്ക്കുള്ള 50,551 രൂപ 4 നയാപൈസ പോലീസു് ബഡ്ജറ്റിൽനിന്നുമാണു് ചെലവായിട്ടുള്ളതു്.

(ബി) പള്ളം ട്രാൻസ്ഫോർമർ സബ്ഡിവിഷനിലെ 7 രൂപയുടെ ഒരു റവന്യൂ. എ. ബില്ലൊഴിച്ചു ബാക്കിയുള്ളതെല്ലാം കൊടുത്തുകഴിഞ്ഞു. ഈ ബില്ലും കളക്ടർ പാസ്സാക്കിക്കൊടുത്തു കഴിഞ്ഞതായി റിപ്പോർട്ട ചെയ്തിട്ടുണ്ടു്. പോലീസു് ഡിപ്പാർട്ടുമെൻറിൽ 141 രൂപ 41 നയാ പൈസയുടെ (141.41) ഒരു ബില്ലൊഴിച്ചു് ബാക്കി എല്ലാം കൊടുത്തുകഴിഞ്ഞതായും, ഈ ബില്ലും കംപ്ലീറ്റാക്കി പ്രീഅഡിറ്റിനയച്ചിരിക്കുന്നതായും പോലീസു് ഐ. ജി-യുടെ റിപ്പോർട്ടുണ്ടു്.

(സി) പീരുമേട്ടും ഉടുമ്പൻചോലയും താലൂക്കുകളിൽ ഉപയോഗിച്ച പ്രവറുകൾ ബസ്സുകമ്പനിക്കു് ഇനിയും 6512 രൂപ 6 നയാപൈസാ (6512.06) കൊടുക്കാനുണ്ടെന്നും അതിനു ബില്ലു് പാസ്സാക്കിക്കൊടുത്തുകഴിഞ്ഞു എന്നും കളക്ടരുടെ റിപ്പോർട്ടുണ്ടു്. പോലീസു് ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിനു് ഉപയോഗിച്ച വാഹനങ്ങളിൽ ഒരു ജീപ്പിനും ഒരു വാനിനും (കെ. എൽ. ആർ. 240; കെ. എൽ. കെ. 1563) ചെല്ലേണ്ടതായ വാടക ഉദ്ദേശം 200 രൂപ ഒഴികെ ബാക്കിയെല്ലാം കൊടുത്തു തീർത്തിട്ടുള്ളതായും ഇവയ്ക്കുള്ള ബില്ലു് ഉടമസ്ഥന്മാരിൽ നിന്നും ഇതുവരെ കിട്ടിയിട്ടില്ലെന്നും പോലീസു് ഐ. ജി. യുടെ റിപ്പോർട്ടുണ്ടു്.

ഹരിജൻ സൊസൈറ്റികൾക്കു കൊടുത്ത ഗ്രാൻറു്.

* 1356. [5] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1958-59-ൽ ഹരിജൻ വകുപ്പിൻറെ കീഴിൽ എത്ര ഹരിജൻ സൊസൈറ്റികൾക്കു് ഗ്രാൻറു കൊടുത്തു;

(ബി) തുകയെത്ര ;

(സി) എത്രയെണ്ണം അപേക്ഷിച്ചിരുന്നു ;

(ഡി) അവയ്ക്കു മുഴുവൻ ഗ്രാൻറു കൊടുത്തുവോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) 36 സൊസൈറ്റികൾക്കു ഗ്രാൻറു കൊടുത്തു.

(ബി) 1,35,090 രൂപാ.

(സി) 76.

(ഡി) ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ഗ്രാൻറു മുഴുവനും സൊസൈറ്റികൾക്കു കൊടുക്കുവാൻ കഴിഞ്ഞില്ല എന്നറിയുന്നതു ശരിയാണോ ?

ശ്രീ. പി. കെ. ചാത്തൻ : യഥാർത്ഥമായ അപേക്ഷകൾക്കു സമയത്തിനു തന്നെ ഗ്രാൻറു കൊടുക്കുകയുണ്ടായി. നടപടികളും മുഴുവനും പൂർത്തിയാകാതിരുന്ന സൊസൈറ്റികൾക്കു് ഗ്രാൻറു കാലേക്കൂട്ടി കൊടുക്കുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ സൊസൈറ്റികൾ എന്തെല്ലാം പ്രവർത്തനങ്ങളാണു ചെയ്യുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ചാത്തൻ : അതിൽ പ്രത്യേകം നിബന്ധനകളും തന്നെയുണ്ട്. ഹരിജനങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടതു ചെയ്യുക, ഹരിജനങ്ങൾക്കു പണം കടം കൊടുക്കുക, പ്രൊവിഷൻ സ്റ്റോർ നടത്തുക, കോട്ടേജ് ഇൻഡസ്ട്രി മുതലായവയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ തുക റിക്കവർ ചെയ്യുന്നതിനുള്ള നടപടികളും എടുക്കുന്നുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അവരുടെ പ്രവർത്തനമൂലധനത്തിന്റെ പേരിലാണ് ഈ തുക കൊടുക്കുന്നത്. അതുകൊണ്ടു റിക്കവർ ചെയ്യുവാൻ വിഷമമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ തുക ഡിസ്ട്രിക്ട് കോഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിക്കുകയാണോ ?

ശ്രീ. പി. കെ. ചാത്തൻ : സൊസൈറ്റിയുടെ പ്രവർത്തനം ശരിക്കു നടപ്പിൽ വരുന്നതുവരെ ഡിസ്ട്രിക്ട് ബാങ്കിലായിരിക്കും നിക്ഷേപിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സൊസൈറ്റി പ്രവർത്തനമാരംഭിച്ചിട്ടും ഡിസ്ട്രിക്ട് ബാങ്കിൽനിന്നും ഈ പണം ചില സൊസൈറ്റികൾക്കു കൊടുത്തിട്ടില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ പി. കെ. ചാത്തൻ : പണം കൊടുത്തിട്ടില്ലെങ്കിൽ അതിനെന്തെങ്കിലും കാരണം കാണും. ഏതായാലും അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ടി. കൃഷ്ണൻ : ഇപ്പോൾ ഡിപ്പാർട്ടുമെന്റു തുടങ്ങിയിരിക്കുന്നജോലി കൾ കുടിശ്ശികയായി കിടക്കുന്നതു കുഴയുന്നതും വേഗത്തിൽ തീർക്കാൻ വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പി. കെ. ചാത്തൻ : മൂവായിരം രൂപയിൽ താഴെ വരുന്ന പണികൾ ശ്രമദാനപദ്ധതിയുടെ അടിസ്ഥാനത്തിൽ കുഴിയുന്നതും വേഗം നടത്തുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. എം. ചടയൻ : 1958-59-ൽ മലബാറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്കെല്ലാം ഗ്രാന്റനുവദിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : മലബാറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മിക്കവാറും സംഘങ്ങൾക്കു ഗ്രാന്റു കൊടുത്തിട്ടുണ്ട്. മൂന്നാലു സൊസൈറ്റികൾക്കു ഗ്രാന്റു അനുവദിച്ചു എങ്കിലും അതു ക്യാഷു ചെയ്യാൻ സാധിച്ചിട്ടില്ല.

ശ്രീ. ടി. കൃഷ്ണൻ : ഇതിനകം ഒരു സൊസൈറ്റിക്ക് 14,000 രൂപ ഗ്രാന്റു കൊടുത്തതിനെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ പരാതി ഉണ്ടായിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഹരിജനങ്ങളുടെ വകയായ ബാസ്സുറാ മേക്കിംഗ് സൊസൈറ്റികൾ ഉണ്ടാക്കുന്ന കുടകൾ വിറ്റഴിക്കുവാൻ ഉള്ള മാർഗ്ഗം കണ്ടുപിടിക്കുവാൻ ഗവണ്മെന്റു ശ്രമിക്കുമോ ?

ശ്രീ. പി. കെ. ചാത്തൻ : അതിനെപ്പറ്റിയുള്ള നിർദ്ദേശങ്ങളെല്ലാം പരിശോധിച്ചു കഴിവുള്ളതു ചെയ്യാം.

ശ്രീ. കെ. കുഞ്ഞാമു : മലബാറിലെ സൊസൈറ്റികൾക്കു ആകെ എത്ര രൂപ ഗ്രാന്റു കൊടുത്തു എന്നു പറയാമോ ?

ശ്രീ. പി. കെ. ചാത്തൻ : അതു കൂട്ടി നോക്കിയാലേ അറിയാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞാമ്പു : ഇതിനകം പന്തീരായിരം രൂപയേ കൊടുത്തിട്ടുള്ളൂ എന്നറിയുന്നതു വാസ്തവമാണോ ?

ശ്രീ. പി. കെ. ചാത്തൻ : ആ കണക്കു ശരിയല്ല.

അദ്ധ്യാപകർക്കുള്ള ശമ്പളവർദ്ധനവു്.

*1357. [6] † ശ്രീ. എം. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറു് അധികാരത്തിൽ വന്നശേഷം ഏതെല്ലാം വിഭാഗത്തിലെ അദ്ധ്യാപകർക്കു ശമ്പളവർദ്ധനവു വരുത്തിയിട്ടുണ്ടു്;

(ബി) 1958–59 സാമ്പത്തികവർഷത്തിൽ എത്ര രൂപ അതുകൊടുത്തായി നൽകേണ്ടിവന്നിട്ടുണ്ടു് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫു് മുണ്ടശ്ശേരി) :

(എ) അതിൻറെ * പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) കൂടുതൽ ചെലവായ സംഖ്യയെപ്പറ്റി പ്രത്യേകമായി കണക്കു വയ്ക്കുന്നതു് ഏർപ്പാടില്ലാത്തതുകൊണ്ടു് അതുകൊടുത്തായി ചെലവു ചെയ്യേണ്ടിവന്ന തുക എത്രയാണെന്നു പറയുവാൻ സാധിക്കുന്നില്ല. ഏകദേശം ഒരു കോടിയോളം വരും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മലബാറിലെ പ്രൈവറേറ സ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളവർദ്ധനവു വരുത്തിയിട്ടില്ലെന്നറിയാമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : അവർക്കു ശമ്പളവർദ്ധനവു നൽകുന്നതിനെപ്പറ്റിയും, സർവ്വീസു് കൺസിഷൻ നൽകുന്നതിനെപ്പറ്റിയും ഉള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയുമാണു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ശമ്പള വർദ്ധനവു് നടപ്പിൽ വരുത്തുമ്പോൾ, വരുന്ന കൂടുതൽ സംഖ്യയുടെ എത്ര ശതമാനം ഇൻഡ്യാ ഗവൺമെൻറിൽനിന്നും സഹായധനമായി ലഭിക്കുന്നുണ്ടു് ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : അൻപതു ശതമാനം.

ശ്രീ സി. എ. മാത്യു : ഇപ്പോൾ അൻപതു ശതമാനം ലഭിച്ചുകൊണ്ടിരിക്കുന്നതു്, തുടർന്നു മേലും തന്നുകൊള്ളാമെന്നു ഇൻഡ്യാഗവൺമെൻറു പറയുന്നുണ്ടോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : പഞ്ചവത്സരപദ്ധതിയുടെ ചില വ്യവസ്ഥകളനുസരിച്ചാണു് ഇപ്പോൾ അൻപതു ശതമാനം സഹായധനം തരുന്നതു്, അത്തരം പ്രവർത്തനങ്ങൾക്കുമാത്രമേ ഈ സഹായധനം തുടർന്നു ലഭിക്കുകയുമുള്ളൂ.

ശ്രീ. കെ. ഭാർഗ്ഗവൻ : പ്രൈവറേറ സ്കൂൾ ടീച്ചേഴ്സിനു ഡിയർനസ്സു് അലവൻസ്സു് കിട്ടുന്നില്ലെന്നു പരാതിയുള്ളതായി അറിയാമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : പരാതിയുണ്ടെന്നു തോന്നുന്നില്ല. അഥവാ അങ്ങനെ പരാതിയുള്ളപക്ഷം അതിനെപ്പറ്റി അന്വേഷിക്കാം.

† As the Member was absent the question was put by Shri C. G. Sadasivan, with the permission of the Chair.

* Please see Appendix I

LIBRARY ARCHIVES Kerala Legislative Assembly